LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
2006-07	10.00
2007-08	7.12
2008-09	25.70
2009-10	25.60
2010-11	140.26
2011-12	197.85
2012-13	223.68

2013-14 മുതലുള്ള സാമ്പത്തിക വർഷങ്ങളിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെയുള്ള മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്കായി പൊതുവായ കണക്കിനത്തിൽ മൊത്തത്തിലാണ് തുക വകയിരുത്തിവരുന്നത്. 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ മേജർ പ്രോജക്ടുകൾക്കായി ഇപ്രകാരം വകയിരുത്തിയ മൊത്തം തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

2013-14	846.03 കോടി
2014-15	1225.00 കോടി
2015-16	2000.00 കോടി

2016-17 സാമ്പത്തിക വർഷത്തേയുള്ള ബഡ്ജറ്റ് രൂപീകരണ പ്രക്രിയ നടന്നുവരുന്നതേയുള്ളൂ. 2016-17 ബഡ്ജറ്റിൽ വകയിരുത്തേണ്ട തുകകൾ സംബന്ധിച്ച കണക്കുകൾ ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല.

ബാർ കോഴ കേസ്സിന് ചെലവായ തുക

94 (99) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർകോഴ കേസ്സിന് സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന മുതിർന്ന അഭിഭാഷകരെ നിയോഗിച്ചതിന് സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിരുന്നോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന സർക്കാരിന്റെ ഏത് സാമ്പത്തിക ചട്ടപ്രകാരമാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന് വിശദമാക്കാമോ ;

(ഇ) ഈ കാര്യത്തിൽ സാമ്പത്തിക നടപടി ക്രമത്തിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ-ഇ) ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

ബഡ്ജറ്റ് പദ്ധതികൾ

95 (100) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിലൂടെ പുതുതായി പ്രഖ്യാപിക്കപ്പെട്ട മൊത്തം പദ്ധതികൾ എത്രയായിരുന്നു ; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര ; ഭാഗികമായി നടപ്പിലാക്കപ്പെട്ടവ എത്ര ; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര ; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദമാക്കുമോ ;

(ബി) എല്ലാ ബഡ്ജറ്റുകളിലും കൂടിയുള്ള മൊത്തം ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക എത്ര; ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി പിൻവലിക്കപ്പെട്ട തുക എത്ര; പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ മൊത്തം എത്ര കോടി രൂപയാണ് ; വിശദമാക്കുമോ ;

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നോക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയായിരുന്നു ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2011-12 മുതൽ 2015-16 വരെ എല്ലാ ബഡ്ജറ്റിലുംകൂടി പദ്ധതി/ പദ്ധതിയേതര ഇനങ്ങളിലായി ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക 438760.66 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly